**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1485** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>കിഫ്ബിയിൽ ഫോറൻസിക് ഓഡിറ്റിംഗ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സജീവ് ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. പി. നൗഷാദ് അലി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** കിഫ്ബിയുടെ കഴിഞ്ഞ പത്ത് വർഷക്കാലത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ ഫോറൻസിക് ഓഡിറ്റിംഗിന് നിർദ്ദേശമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

**<u>മറുപടി:</u> കിഫ്ബിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.**

**(ബി)** മുൻ സർക്കാർ ഐ.ടി. പാർക്ക് പോലുള്ള വരുമാനം ലഭിക്കാവുന്ന പദ്ധതികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് പകരം ബജറ്റിലൂടെ നടപ്പാക്കേണ്ട പദ്ധതികൾക്ക് തുക ചെലവിട്ടതാണ് കിഫ്ബിയെ നിലവിലെ അവസ്ഥയിൽ എത്തിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അന്വേഷണം നടത്തുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഉയർന്ന പലിശയ്ക്ക് വായ്പയും മസാല ബോണ്ടും വാങ്ങിയതും വൻ തുകയ്ക്ക് കൺസൾട്ടൻസി കരാറുകൾ നൽകിയതും കിഫ്ബി ചെലവിൽ നേതാക്കൾ വിദേശയാത്ര നടത്തിയതുമായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അന്വേഷണം നടത്തുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**